# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 409 – 29/05/2019 - ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം

ചോദ്യം

ഉത്തരം

ശ്രീ.കെ.കുഞ്ഞിരാമൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; | സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേക്കുള്ള കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്ന്, 2018 മെയ് മാസത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷനു മുൻപാകെ സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2018-19, 2019-20 വർഷങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേയ്ക്കുള്ള വിഹിതം 90:10 എന്ന രീതിയിലാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, നിലവിലുള്ള 100 തൊഴിൽ ദിനങ്ങൾക്കു പുറമെ അധികമായി 100 അവിദഗ്ധ തൊഴിൽ ദിനങ്ങൾ കൂടി വർദ്ധിപ്പിക്കുക വഴി ആകെ 2600 കോടി രൂപയുള്ള അധിക സഹായം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചതായുള്ള അറിയിപ്പുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ കേന്ദ്ര പദ്ധതികളിലായി എത്ര തുകയാണ് കേന്ദ്രം വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ